**കേരള** സാഹിത്യ അക്കാദമിയുടെ മുറ്റത്ത്, 'ബഷീർ വേദി'യിൽ ഒരു ഗാനമേള നടക്കുന്നു. അക്കാദമിയുടെ മുന്നിലൂടെ നടന്നുപോയിരുന്ന ഒരാൾ ഗാനമേളയിൽ ആകർഷിക്കപ്പെട്ട് അകത്തേക്ക് കയറി. ഗാനമേള ആസ്വദിച്ചുകൊണ്ടിരിക്കേ, തന്റെ സുഹൃത്തിനെകൂടി അവിടേക്ക് വരുത്തണമെന്ന് അയാൾക്ക് മോഹം. ഉടൻ മൊബൈൽ ഫോൺ എടുത്ത്, സുഹൃത്തിനോട് ഗാനമേള നടക്കുന്നയിടത്തേക്ക് എത്താൻ ആവശ്യപ്പെടുന്നു. സ്ഥലം എത്ര പറഞ്ഞിട്ടും സുഹൃത്തിന് മനസ്സിലാകുന്നില്ല. താൻ നിൽക്കുന്ന കോമ്പൗണ്ട് സാഹിത്യ അക്കാദമിയാണെന്ന് പറഞ്ഞുകൊടുക്കുന്നയാൾക്കും അറിഞ്ഞുകൂടാ. പാലസ് റോഡിലെ കാടുപിടിച്ചു കിടക്കുന്ന സ്ഥലം, ഓടുമേഞ്ഞ പഴയ കെട്ടിടം എന്നൊക്കെയാണ് അയാൾ

# സാഹിത്യ അക്കാദമിയിലെ പൂവൻവാഴകൾ

സർക്കാർ ഓഫീസുകൾ അടയ്ക്കുന്ന സമയമായ അഞ്ചുമണിക്ക് കേരള സാഹിത്യ അക്കാദമി വളപ്പിലുള്ള മുഴുവൻ പേരേയും പുറത്താക്കി ഗേറ്റ് അടച്ചുപൂട്ടാൻ ഇപ്പോഴത്തെ ഭരണസമിതി ഏതാനും നാളുകൾക്ക് മുമ്പ് ഉത്തരവിറക്കിയ ശേഷം അതൊരു വരണ്ട സർക്കാർ ഓഫീസ് മാത്രമായി മാറിയിരിക്കുന്നു.

■ **എസ്. നാരായണൻ**

ഫോണിലൂടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഒരു സൂചനയും കൂട്ടുകാരന് മനസ്സിലാകാതെ വന്നപ്പോൾ അയാൾ പറഞ്ഞു. "എടാ, പുളിമൂട്ടിൽ സിൽക്സിന്റെ നേരെ മുന്നിലെ കെട്ടിടം" കുറച്ചു സമയത്തിനകം സുഹൃത്ത് സ്ഥലത്തെത്തി. വന്ന പാടെ അയാൾ പറഞ്ഞു. "പുളിമൂട്ടിൽ സിൽക്സിന്റെ മുന്നിലാണെന്ന് നിനക്ക് നേരത്തേയങ്ങ് പറഞ്ഞുകൂടായിരുന്നോ?"

ഇതാണ് കേരള സാഹിത്യ അക്കാദമിയും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം. അര നൂറ്റാണ്ടിലേറെ പ്രവർത്തിച്ചിട്ടും ഇത് എന്ത് കെട്ടിടമാണെന്ന് പോലും സാമാന്യ ജനത്തിന് അറിഞ്ഞുകൂടാ. ഉദ്ഘാടനം കഴിഞ്ഞ് ഏതാനും നാളുകൾ മാത്രം ആയിട്ടുള്ള വസ്ത്രശാല, അവരുടെ പരസ്യങ്ങളിലൊന്നും തന്നെ 'സാഹിത്യഅക്കാദമിയുടെ മുന്നിൽ' എന്ന് എഴുതികണ്ടിട്ടില്ല. സാഹിത്യ അക്കാദമിയിൽ ഈയിടെ നടത്തിയ ചില പരിഷ്ക്കാരങ്ങൾ കണ്ടപ്പോൾ, അധികം വൈകാതെ തന്നെ, വസ്ത്രക്കടയുടെ പേരെഴുതി അതിനു മുന്നിലാണ് സാഹിത്യ അക്കാദമി എന്ന് സെക്രട്ടറിയുടെ വിസിറ്റിംഗ് കാർഡിൽ രേഖപ്പെടുത്തേണ്ടിവരുമോ എന്നൊരാശങ്ക പലർക്കുമുണ്ട്. അത്തരമൊരു അവഹേളനത്തിലേക്ക് അക്കാദമിയെ അധഃപ്പതിപ്പിക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കയാണ് പുതിയ ഭരണസമിതി.

പതിറ്റാണ്ടുകളായി സാഹിത്യ അക്കാദമിയുടെ ലൈബ്രറിയും ഓഡിറ്റോറിയങ്ങളും വരാന്തകളും മര



കലയും സാഹിത്യവും 10 മുതൽ 5 വരെയുള്ള സമയത്ത് ഉണ്ടാക്കാൻ പറ്റുന്ന ഒരു സാധനമല്ലെന്ന വിവേകം മുൻ ഭരണാധികാരികൾക്കുണ്ടായിരുന്നു എന്നും, അക്കാദമി നടത്തിപ്പുകാർ അതിന്റെ ചരിത്രത്തെ മാനിക്കണമെന്നും പറഞ്ഞ് നൂറ്റമ്പതോളം പേർ ഒപ്പിട്ട നിവേദനം സെക്രട്ടറിക്ക് കൊടുക്കുകയുണ്ടായി

ത്തണലുകളും ഫലപ്രദമായി ഉപയോഗിച്ചു വരുന്ന അനേകം പേരുണ്ട്. അതിലേറെയും കവികളും, ചിത്രകാരന്മാരും നാടകപ്രവർത്തകരും സിനിമാക്കാരും കലാസാംസ്കാരികരംഗത്ത് പ്രവർത്തിക്കുന്നവരുമാണ്. കെട്ടിടങ്ങൾക്കുള്ളിലല്ല, മരങ്ങൾക്ക് ചുറ്റും കെട്ടിയുണ്ടാക്കിയ തറകളിലാണ് അവർ ഏറെ സമയവും ചെലവഴിക്കുക. അവിടെയുള്ള എല്ലാ മരങ്ങൾക്കു ചുറ്റും, വിസ്തരിച്ചിരുന്ന് വർത്തമാനം പറയാനും ചർച്ചകൾ നടത്താനും പാകത്തിലുള്ള തറകളുണ്ട്. അവിടെയുണ്ടാക്കിയിട്ടിരിക്കുന്ന അരമതിലുകൾപോലും ആളുകൾക്ക് ഇരിക്കാൻ പാകത്തിൽ ഗ്രാനൈറ്റ് പതിച്ച് സൗകര്യപ്പെടുത്തിയിരിക്കുന്നു. അവിടെ വരുന്നവർക്ക് ഇരുന്ന് കൂട്ടായി ചർച്ചകൾ നടത്താൻ വേണ്ടി രൂപകൽപ്പന ചെയ്തതാണ് അക്കാദമിയുടെ മുറ്റവും തണൽമരങ്ങൾ ധാരാളമുള്ള തൊടിയും. കവിത ചൊല്ലലും കഥ പറച്ചിലും എല്ലാം അവിടെ തകൃതിയായി നടക്കും. പല സിനിമകളുടേയും കഥകൾ അവിടെയാണ് രൂപം കൊണ്ടിട്ടുള്ളത്. പക്ഷികൾ വടവൃക്ഷത്തിലേക്കു ചേക്കേറുന്നപോലെ, സ്വസ്ഥത തേടുന്ന മനസ്സുകൾ അക്കാദമി മുറ്റത്തേക്ക് ഒഴുകിയെത്തും. സ്വാഭാവികമായും സന്ധ്യകളിലാണ് കൂടുതൽ ആൾക്കാർ എത്തുക. ഒരു കാലത്തും അവരുടെ മുന്നിൽ അക്കാദമിയുടെ വാതിലുകൾ അടഞ്ഞിട്ടില്ല. മാത്രമല്ല, സിമന്റ് പൊളിഞ്ഞുപോയ മരത്തറകളിൽ ഗ്രാനൈറ്റ് പാകി സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ഒരു സർക്കാർ സ്ഥാപനത്തിനുള്ളിലാണ് തങ്ങൾ എന്ന് അവിടെ കഴിയുന്ന സമയങ്ങളിലൊന്നും ആർക്കും അനുഭവപ്പെടാറില്ല. തങ്ങളുടെ സഹജീവികൾ എന്നതരത്തിൽ കലാകാരന്മാരോടും കവികളോടും പെരുമാറാനുള്ള സംസ്കാരം അക്കാദമിയിലെ ജീവനക്കാർ കാലങ്ങളിലൂടെ ആർജ്ജിച്ചെടുത്തിട്ടുണ്ട്. സർക്കാർ ഓഫീസുകൾ അടയ്ക്കുന്ന സമയമായ അഞ്ചുമണിക്ക് അക്കാദമി വളപ്പിലുള്ള മുഴുവൻ പേരേയും പുറത്താക്കി ഗേറ്റ് അടച്ചു പൂട്ടാൻ ഇപ്പോഴത്തെ ഭരണസമിതി ഏതാനും നാളുകൾക്ക് മുമ്പ് തിട്ടൂരമിറക്കിയിരിക്കുകയാണ്. അതിനുശേഷം ഇതൊരു വരണ്ട സർക്കാർ ഓഫീസ് മാത്രമായി മാറിയിരിക്കുന്നു. ട്രഷറി പോലെയോ തഹസിൽദാർ ഓഫീസ് പോലെയോ ഒരു കെട്ടിടമാണ് ഇപ്പോൾ സാഹിത്യ അക്കാദമി.

കലയും സാഹിത്യവും 10 മുതൽ 5 വരെയുള്ള സമയത്ത് ഉണ്ടാക്കാൻ പറ്റുന്ന ഒരു സാധനമല്ലെന്ന വിവേകം മുൻ ഭരണാധികാരികൾക്കുണ്ടായിരുന്നു എന്നും, അക്കാദമി നടത്തിപ്പുകാർ അതിന്റെ ചരിത്രത്തെ മാനിക്കണമെന്നും പറഞ്ഞ് നൂറ്റമ്പതോളം പേർ ഒപ്പിട്ട നിവേദനം സെക്രട്ടറിക്ക് കൊടുക്കുകയുണ്ടായി. പല പ്രസിദ്ധീകരണങ്ങളിലും പലപാട് പ്രതികരണങ്ങൾ വന്നു. 'ഇതൊന്നും എന്നോടല്ല മന്നവാ' എന്ന മട്ടിൽ ഒരേ ഇരിപ്പാണ് സെക്രട്ടറിയദ്ദേഹം. ഇതിനൊന്നും മറുപടി കൊടുക്കുകയോ, ചർച്ചക്കു വിളിക്കുകയോ പോലും ചെയ്തിട്ടില്ല. അഞ്ചുമണിക്കുശേഷം അക്കാദമിയുടെ പടിക്കു പുറത്താക്കപ്പെടുന്ന എഴുത്തുകാർ വഴിയോരങ്ങളിലും കടകളുടെ ഉമ്മറത്തും പമ്മി പമ്മി നിന്ന് സംസാരിക്കുന്നതും ചർച്ച ചെയ്യുന്നതും ദുഃഖകരമായ കാഴ്ചയാണ്.

മനുഷ്യർക്ക് പരസ്പരം സംവദിക്കാനുള്ള പൊതു ഇടങ്ങൾ ഓരോന്നോരോന്നായി ഇല്ലാതായികൊണ്ടിരിക്കുമ്പോഴാണ് സാഹി

ത്യ അക്കാദമി കൂടി ജനങ്ങളെ പടിക്കുപുറത്താക്കിയിരിക്കുന്നത്. ഇങ്ങനെപ്പോയാൽ അക്കാദമി അവാർഡിനു പരിഗണിക്കുന്ന പുസ്തകങ്ങൾക്കുള്ള നിബന്ധനകൾ ഇനിയും കൂടാൻ ഇടയുണ്ട്. അക്കാദമി അവാർഡിന് അർഹമാകണമെങ്കിൽ ആ പുസ്തകം എഴുത്തുകാരൻ കാലത്ത് 10 മുതൽ വൈകീട്ട് 5 വരെയുള്ള സമയത്ത് എഴുതിയതാകണമെന്നുമാത്രമല്ല, പത്തിനും അഞ്ചിനുമിടയിൽ ഭാവന ചെയ്തതാണെന്നും കൂടി സാക്ഷ്യപത്രം ചോദിച്ചുകൂടായ്കയില്ല. അമ്പതിനായിരം രൂപയുടെ അവാർഡ് സ്വന്തം പുസ്തകത്തിനു ലഭിക്കാൻ വേണ്ടി 'ഇത്ര പേജുകൾ ഉള്ള കൃതിയേ പരിഗണിക്കൂ' എന്ന് നിബന്ധന വെച്ച ഒരു പ്രസിഡണ്ട് ഉണ്ടായിട്ടുള്ള സ്ഥാപനത്തിൽ നിന്ന് ഇത്തരത്തിലൊക്കെ പ്രതീക്ഷിക്കുന്നതിൽ തെറ്റൊന്നുമില്ല.

മദ്യപരേയും അസഭ്യം പറയുന്നവരേയും പേടിച്ചിട്ടാണത്രേ അക്കാദമിയുടെ ഗേറ്റ് അഞ്ചുമണിക്ക് അടച്ച് താക്കോൽ പോക്കറ്റിലിട്ടു നടക്കാൻ സെക്രട്ടറി തീരുമാനിച്ചത്. അങ്ങിനെയെങ്കിൽ അക്കാദമിയുടെ നിർവ്വാഹകസമിതി യോഗം ചേരുന്ന മുറിയാണ് ആദ്യം അടച്ചുപൂട്ടി ചാണകവെള്ളം തളിക്കേണ്ടത്. പുറത്താക്കപ്പെട്ടപ്പോൾ വൈസ് പ്രസിഡണ്ട് വകുപ്പുമന്ത്രിയേയും, പ്രസിഡണ്ടിനേയും പറഞ്ഞിട്ടുള്ള തെറിയുടെ ഒരംശമെങ്കിലും പറയാൻ ശേഷിയുള്ള ഒരു മദ്യപനും അക്കാദമിയുടെ പരിസരത്തുപോലുമില്ല. 'വകുപ്പുമന്ത്രി സ്വരങ്ങളും വ്യഞ്ജനങ്ങളും അറിയാത്ത ആളാണ്' എന്ന് പറഞ്ഞതൊക്കെയേ പത്രങ്ങൾ അച്ചടിച്ചിട്ടുള്ളൂ. അക്കാദമി ഭരണസമിതിയിലേക്ക് പുതുതായി നോമിനേറ്റ് ചെയ്യപ്പെട്ട ഒരംഗത്തിനു കൊടുത്ത അനുമോദനയോഗത്തിൽ വെച്ചാണ് ചീഫ് വിപ്പ് പി.സി. ജോർജ്ജ് 'പ്രതിപക്ഷത്തുള്ള തെണ്ടികൾ' എന്നുപറഞ്ഞതും പിന്നീട് നിയമസഭയിൽ മാപ്പിരക്കേണ്ടിവന്നതും. പിടിച്ചതിനേക്കാൾ വലുതാണ് അളയിൽ എന്നുപറഞ്ഞതുപോലെ, പി.സി. ജോർജ്ജ് അനുഗ്രഹിച്ചുവിട്ട ആളുകളാണ് നിർവ്വാഹകസമിതിയിൽ ഇനി വരാനിരിക്കുന്നത്.

അസാന്മാർഗ്ഗികമോ ആഭാസത്തരമോ ആയിട്ടുള്ള ഒരു പ്രവൃത്തിപോലും അക്കാദമി കോമ്പൗണ്ടിൽ വരുന്നവരിൽ നിന്നും ഉണ്ടായിട്ടില്ല. വയനാടൻ കാടുകളിൽ മാവോയിസ്റ്റുകൾ ഉണ്ടെന്നുപറഞ്ഞ് ഏ.കെ. 47 തോക്കുമായി കാട് അരിച്ചു പെറുക്കിയ പോലീസിലെ സ്പെഷൽ ടാസ്ക് ഫോഴ്സ് ആയ 'തണ്ടർ ബോൾട്ട്' ഒരു ചായക്കടയുടെ മുന്നിൽ പോസ്റ്റർ ഒട്ടിക്കുന്ന ഏതോ ഒരു ഗോപാലേട്ടനെ വളഞ്ഞിട്ട് അറസ്റ്റ് ചെയ്ത് മാനം രക്ഷിക്കുകയുണ്ടായല്ലോ. അതുപോലെ അക്കാദമിയിൽ അസാന്മാർഗ്ഗികത അന്വേഷിച്ചു വരുന്ന ഒരാൾക്കും ഒരു ഗോപാലേട്ടനെ പോലും ചൂണ്ടിക്കാണിക്കാൻ പറ്റിയെന്നുവരില്ല.

"എന്നോട് പരിഭവം തോന്നരുത്. മുകളിൽ നിന്നുള്ള ഓർഡർ ആണ്. ഇത് എന്റെ ഉപജീവനമാർഗ്ഗമാണ്" എന്നുപറഞ്ഞിട്ടാണ് അക്കാദമിയിലെ വാച്ച്മാനായ ഡേവീസേട്ടൻ മരത്തണലിൽ ഇരിക്കുന്നവരെ അഞ്ചുമണിയാകുമ്പോൾ പിടിച്ചുപുറത്താക്കുന്നത്. ഇരുപത്തഞ്ച് കൊല്ലമായിട്ടും സ്ഥിരപ്പെടുത്തിയിട്ടില്ലാത്ത, ഡെയ്‌ലി വേജസിൽ ജോലി ചെയ്യുന്ന വിമുക്തഭടനാണ് ഡേവീസേട്ടൻ. കഴിഞ്ഞദിവസം ഡേവീസേട്ടൻ ഒരാളോടു പറയുന്നതുകേട്ടു. "ഇതു കണ്ടോ, ഈ തറയിൽ നിൽക്കുന്ന മാവും കാഞ്ഞിരവും പരസ്പരം പുണർന്നിട്ടാണ് നിൽക്കുന്നത്. അപ്പുറത്തെ തറയിൽ പ്ലാവും ആര്യവേപ്പും തമ്മിൽ തിരിച്ചറിയാനാവാത്തവിധം ഒരു ശരീരമായി മാറി. ഇവിടെ കംപ്ലീറ്റ് പ്രണയമാണ്." പ്ലാവും, ആര്യവേപ്പും ഒന്നായി നിൽക്കുന്നത് ഓഡിറ്റോറിയത്തിന് തൊട്ടടുത്താണ്. അതിൽ നിറയെ ചക്കകളാണ്. കയ്പ് കാരണം ആരും അതിന്റെ ചക്കകൾ കറിവെയ്ക്കാറില്ല. ആര്യവേപ്പിന്റെ സ്വാധീനം കൂടിയതാണ് കാരണം. അതറിയാവുന്നതുകൊണ്ട് 'പ്രണയത്തിന്റെ ഫലം കൈയ്പാണല്ലേ?' എന്ന് ഡേവീസേട്ടനോട് ചോദിച്ചുപോയി. ഉടൻ വന്നു മറുപടി. "ഒരിക്കലും അങ്ങിനെ പറയരുത്. അത് പഴുപ്പിച്ച് തിന്നിട്ടുണ്ടോ? തേനൂറുന്ന മധുരമാണ്. മാത്രമല്ല, ഔഷധഗുണവുമുണ്ട്. പ്രണയത്തിന്റെ ഫലം മധുരം തന്നെയാണ്. കുറച്ച് ക്ഷമ കാണിക്കണമെന്നുമാത്രം."

പ്രശസ്ത എഴുത്തുകാരി സാറാ ജോസഫിന്റെ ക്ലാസ്മേറ്റും കോക്കാഞ്ചിറക്കാരനുമായ ഡേവീസേട്ടനെ ഇങ്ങിനെ കാവ്യാത്മകമായി സംസാരിക്കുന്നവനാക്കി മാറ്റിയത്, അക്കാദമിയുടെ സുന്ദരമായ അന്തരീക്ഷവുമായുള്ള നിത്യസമ്പർക്കമാണ്. അവിടെ അഞ്ചുവർഷം ഭരിക്കാനെത്തി മടങ്ങിപോകുന്ന പുംഗവന്മാർക്ക് ആ സംസ്കാരം ഒരിക്കലും സ്വായത്തമാക്കാനായിട്ടില്ല. അവർക്ക് കെട്ടിടത്തിന്റെ സംസ്കാരം മാത്രമേ മനസ്സിലാകൂ. അതുകൊണ്ടാണ് 2013 ലെ സംസ്കാരിക ഡയറിയുടെ ആമുഖത്തിൽ, ആത്മവഞ്ചനയോടെ സ്വന്തം പേരുവെച്ച് സെക്രട്ടറി ഇ



വിശ്വമലയാള മഹോത്സവത്തിന്റെ ഭാഗമായി തിരുവനന്തപുരം സ്റ്റാച്യു ജംഗ്ഷനിൽ, സി.വി. രാമൻപിള്ളയുടേത് എന്ന പേരിൽ സ്ഥാപിച്ച സി.വി. രാമന്റെ പ്രതിമ.

ങ്ങിനെ എഴുതിയത്. " കഴിഞ്ഞവർഷം തിരുവനന്തപുരത്തു സംഘടിപ്പിച്ച 'വിശ്വമലയാള മഹോത്സവം' മലയാള ഭാഷയുടേയും സംസ്കാരത്തിന്റെയും, പൈതൃകത്തിന്റെയും മഹത്വം പ്രകാശിപ്പിക്കുന്നതായിരുന്നു. മാതൃഭാഷയുടെ പരിപോഷണത്തിനും കേരള സംസ്കൃതിയുടെ ഉന്നമനത്തിനും വേണ്ടിയുള്ള സന്നദ്ധശ്രമങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന, എളിമയേറിയ ഒരു മഹാപ്രസ്ഥാനമാണ് കേരള സാഹിത്യ അക്കാദമി. എഴുത്തുകാർക്കും വായനക്കാർക്കും മുന്നിൽ അക്കാദമിയുടെ വാതിലുകൾ സദാ തുറന്നുകിടക്കും." 'വിശ്വമലയാള സമ്മേളനം' ഭാഷയ്ക്ക് എത്ര അവമതിപ്പുണ്ടാക്കിയെന്നും അതിന്റെ പേരിൽ നടന്ന അഴിമതിയുടെ കഥകളും പ്രതിഫലം കൊടുത്തതിൽ കാട്ടിയ ഉച്ചനീചത്വങ്ങളുടെ വിവരങ്ങളും അങ്ങാടിയിൽ പാട്ടാണ്. 'വാതിലുകൾ സദാ തുറന്നുകിടക്കും' എന്ന് പറഞ്ഞത് ഒരു പക്ഷെ 'പിന്നാമ്പുറത്തെ വാതിലുകൾ' ആയിരിക്കും.

വൈക്കം മുഹമ്മദ് ബഷീറിന്റെ അതിപ്രശസ്ത കഥയായ 'പൂവൻപഴ'ത്തിലെ നായിക ജമീലയുടെ പ്രേതം അക്കാദമിയിലെ ഭാരവാഹികളെ ആവേശിച്ചിട്ടുണ്ടെന്നുവേണം കരുതാൻ. ബിരുദധാരിയും സമ്പന്നയും സുന്ദരിയും തറവാടിയുമായ ജമീല, കൊമ്പൻമീശക്കാരനും ഗുണ്ടയുമൊക്കെയായ അബ്ദുൾ അസീസിന് വിവാഹരാത്രിയിൽ തന്നെ ഒരു ലിസ്റ്റ് കൊടുക്കുന്നു. ഇനിമുതൽ ആ ലിസ്റ്റിലുള്ളവരുമായി അബ്ദുൾ അസീസ് കൂട്ടുകൂടി നടക്കുന്നത് ഒരു 'ലേഡി'യായ തനിക്ക് കുറച്ചിലാണെന്നാണ് അവൾ പറയുന്നത്. ചുമട്ടുതൊഴിലാളികൾ, മുച്ചീട്ടുകളിക്കാർ, ഗുണ്ടകൾ, ബീഡിതെറുപ്പുകാർ, കവികൾ, റിക്ഷാവണ്ടിക്കാർ എന്നിങ്ങനെ പോകുന്നു ആ ലിസ്റ്റ്. 'പൂവൻപഴ'ത്തിലെ 'ലേഡി' ജമീല കൊടുത്തതുപോലെ സാഹിത്യ അക്കാദമിയിലെ ജെന്റിൽമാൻ, പരിസരത്തുനിന്ന് ഒഴിവാക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ അതിൽ ആദ്യം വരുന്നത് കവികളും കലാകാരന്മാരും, നാടകക്കാരും ഒക്കെയാണെന്നത് വല്ലാത്ത ഉത്തരാധുനികത തന്നെ.

'പൂവൻപഴ'ത്തിലെ ജമീലയുടെ പ്രേതത്തെ ഉച്ചാടനം ചെയ്യിക്കുന്നതിന്, അക്കാദമി നിർവ്വാഹക സമിതി യോഗം നടക്കുന്ന ദിവസം, ഓസ്കാർ വൈൽഡിന്റെ ' The Selfish gaint'എന്ന പ്രശസ്ത കഥ വട്ടത്തിലിരുന്ന് ഉറക്കെ വായിക്കുന്ന ഒരു പദ്ധതിക്ക് ഒരുകൂട്ടം ചെറുപ്പക്കാർ ആലോചന നടത്തിയിരുന്നു.

ഓസ്കാർ വൈൽഡിന്റെ കഥ ഇങ്ങിനെയാണ്: അതിമനോഹരമായി പൂത്തുലഞ്ഞു നിൽക്കുന്ന ഒരു പൂന്തോട്ടം. നിറയെ സ്വർണ്ണവർണ്ണമുള്ള പഴങ്ങൾ നിറഞ്ഞ പീച്ചുമരങ്ങൾ, സുന്ദരമായ പുൽത്തകിടി, ധാരാളം കുട്ടികൾ ദിവസേന അവിടെ കളിക്കാനെത്തും. അവർ അവിടെ കള്ളനും പോലീസും കളിക്കും. മരങ്ങളിൽ കയറി മതിയാവോളം പഴങ്ങൾ പറിച്ചുതിന്നും. എല്ലാദിവസവും സ്കൂൾ വിട്ടാലുടൻ കുട്ടികൾ അവിടേക്കോടിയെത്തും. പിന്നെ അവിടമാകെ സന്തോഷത്താലുള്ള ആർപ്പുവിളികളാൽ നിറയും. പക്ഷേ ഉദ്യാനത്തിന്റെ ഉടമസ്ഥൻ ക്രൂരനായ ഒരു രാക്ഷസനായിരുന്നു. അയാൾ മടങ്ങിയെത്തിയപ്പോൾ തന്റെ ഉദ്യാനത്തിൽ കളിച്ചുതിമിർക്കുന്ന കുട്ടികളെയാണ് കണ്ടത്. 'ആരെടാ അവിടെ? ഒറ്റയാളും എന്റെ തോട്ടത്തിൽ കയറി പോകരുത്. ഇത് എന്റെ മാത്രമാണ്.' രാക്ഷസന്റെ അലർച്ചകേട്ട് പേടിച്ചുവിറച്ച കുട്ടികൾ നാലുപാടും ചിതറിയോടി.

രാക്ഷസൻ തോട്ടത്തിനു ചുറ്റും വലിയ മതിൽകെട്ടി. 'അതിക്രമിച്ചു കടക്കുന്നവർ

➩ *'തലമാറട്ടെ' യുടെ പഴയകോപ്പികൾ ബൈൻഡു ചെയ്തുകൊണ്ടിരിക്കുകയാണ്* ➩

ശിക്ഷിക്കപ്പെടും' എന്നൊരു ബോർഡും സ്ഥാപിച്ചു. കുട്ടികൾ വലിയ വിഷമത്തിലായി. സ്കൂൾ വിട്ടാലുടൻ അവർ ഉദ്യാനത്തിനു ചുറ്റും പമ്മിപമ്മി നടക്കും. അകത്തു കടക്കാൻ അനുവാദമില്ലല്ലോ.

വസന്തകാലം വന്നു. നാടുമുഴുവൻ പൂക്കളാൽ നിറഞ്ഞു. എങ്ങും സൗരഭ്യം. പക്ഷേ, രാക്ഷസന്റെ തോട്ടത്തിൽ മാത്രം അപ്പോഴും ശൈത്യകാലം വിട്ടൊഴിഞ്ഞില്ല. സ്വാർത്ഥനായ അയാളുടെ ഉദ്യാനത്തിൽ കയറാൻ പ്രകൃതി തയ്യാറായില്ല. അവന്റെ തോട്ടത്തിൽ ചെടികൾ പൂത്തില്ല, കിളികൾ പാടിയില്ല.

നിരാശയോടെ രാക്ഷസൻ ദിവസങ്ങൾ തള്ളിനീക്കി. ഒരുദിവസം ഒരു കുയിലിന്റെ പാട്ടുകേട്ടാണ് അയാൾ ഉണർന്നത്. അയാൾക്ക് വിശ്വസിക്കാനായില്ല. തന്റെ തോട്ടത്തിലെ മരക്കൊമ്പിലിരുന്നാണ് അത് പാടുന്നത്. മാത്രമല്ല, തോട്ടത്തിലാകെ വിവിധ വർണ്ണത്തിലുള്ള പൂക്കൾ വിടർന്നുനിൽക്കുന്നു.

സന്തോഷത്തോടെ തോട്ടത്തിലിറങ്ങിയ രാക്ഷസൻ ആ കാഴ്ച കണ്ടു. താൻ ഓടിച്ചുവിട്ട കുട്ടികൾ തോട്ടത്തിൽ കയറിയിരിക്കുന്നു. ചിലർ മരത്തിൽ വലിഞ്ഞുകയറി പഴങ്ങൾ തിന്നുന്നു. കുറേപ്പേർ മൈതാനത്ത് തലകുത്തി മറിയുന്നു. അവരെ ആനന്ദിപ്പിക്കാൻ പൂക്കളും ചെടികളും ഇളകിയാടുന്നു. പക്ഷികൾ പാടിനടക്കുന്നു. കുട്ടികൾ പ്രവേശിച്ചതുകൊണ്ടാണ് ഈ മാറ്റങ്ങളൊക്കെ ഉണ്ടായതെന്ന് രാക്ഷസന് ബോധ്യപ്പെട്ടു. അയാൾ കുട്ടികളെ നോക്കി പറഞ്ഞു. "കുട്ടികളെ, എന്തുകൊണ്ടാണ് എന്റെ തോട്ടത്തിൽ മാത്രം പൂക്കാലമെത്താത്തതെന്ന് എനിക്ക് മനസ്സിലായി. ഇന്നുമുതൽ ഈ പൂന്തോട്ടം നിങ്ങൾക്കുള്ളതാണ്. ഇതിന്റെ ഉടമസ്ഥർ നിങ്ങളാണ്. ഇത്രയും പറഞ്ഞ് അയാൾ പൂന്തോട്ടത്തിനു ചുറ്റുമുണ്ടായിരുന്ന മതിൽ ഇടിച്ചു തകർത്തു.

കഥ കൂടുതൽ ഉയരങ്ങളിലേക്ക് പിന്നേയും തുടരുന്നു. ഈ കഥ ഉറക്കെ വായിച്ചതിനുശേഷം സംഘം ചേർന്ന് അക്കാദമിയുടെ ഓഫീസിൽ ചെന്ന് ഏൽപ്പിക്കുന്നതിൽ ചിലർക്ക് എതിർപ്പുണ്ടായതുകൊണ്ട് അത് നടന്നില്ല. അക്കാദമി ഭാരവാഹികളെല്ലാം ഈ കഥ വായിച്ചിട്ടുണ്ടായിരിക്കുമെന്നും അത് ഉൾക്കൊള്ളാനുള്ള ശേഷി ഉണ്ടായിരുന്നെങ്കിൽ ഇങ്ങനെയൊക്കെ നടക്കുമോ എന്നുമായിരുന്നു എതിർക്കുന്നവരുടെ വാദം. അവർക്ക് ഉൾക്കൊള്ളാവുന്നത് കൊടുക്കാനാണ് അഭിപ്രായമുണ്ടായത്.

കുട്ടികൾക്കുള്ള ഒരു മാസികയിൽ കുറേക്കാലം മുൻപ് 'തലമാറട്ടെ' എന്നപേരിൽ കാർട്ടൂണിസ്റ്റ് വേണുവിന്റെ കാർട്ടൂൺ പരമ്പര വന്നിരുന്നു. രണ്ടുപേരെ കണ്ടാൽ, 'തലമാറട്ടെ' എന്നു മനസ്സിൽ മന്ത്രിച്ചാൽ അതുപോലെ സംഭവിപ്പിക്കുന്ന സിദ്ധിയുള്ള ഒരു കുട്ടിയാണ് അതിലെ നായകൻ. ആണിന്റെ തല പെണ്ണിനും മൃഗങ്ങളുടെ തല മനുഷ്യർക്കുമൊക്കെ മാറ്റി പ്രതിഷ്ഠിക്കുന്ന രസകരമായ കാർട്ടൂണായിരുന്നു അത്. സി.വി.രാമൻപിള്ളയുടെ തല മാറ്റി സി.വി.രാമന്റെ തല പ്രതിഷ്ഠിക്കുന്നവർക്ക് മുന്നിൽ ഓസ്ക്കാർ വൈൽഡിന്റെ കഥ വായിച്ചിട്ടെന്തു ഫലം? കവികളുടേയും കലാകാരന്മാരുടേയും തല കണ്ണിനുമുന്നിൽ കാണരുതെന്ന് ശഠിക്കുകയും, സിനിമ കാണാതെ 'സെല്ലുലോയിഡി'ന്റെ സംവിധായകൻ കമലിന്റെ കോലം കത്തിക്കാൻ അണികളെ പ്രേരിപ്പിച്ച് ദിവസങ്ങൾ കഴിഞ്ഞ് സിനിമ കണ്ട് അതിൽ ഒരു കുഴപ്പവും ഇല്ലല്ലോ എന്നുപറഞ്ഞ് മണ്ടൻ ചിരി ചിരിക്കുകയും ചെയ്യുന്ന വകുപ്പുമന്ത്രിയുടെ തല പൂവിട്ടുപൂജിക്കുകയും ചെയ്യുന്നവർക്ക് കൊടുക്കാൻ വേണ്ടി 'തലമാറട്ടെ' യുടെ പഴയകോപ്പികൾ ബൈൻഡു ചെയ്തുകൊണ്ടിരിക്കുകയാണ് കുറെ പ്രതിഷേധക്കാർ എന്നാണ് അറിയാൻ കഴിഞ്ഞത്.

സൗമ്യമായി ചിരിച്ചുകൊണ്ട്, നമുക്കവകാശപ്പെട്ട സ്ഥലങ്ങളിൽ നിന്ന് 'ഒന്നു പുറത്തുകടക്കൂ' എന്നുപറയുമ്പോൾ, നമുക്ക് പുറകിൽ അടയുന്നത് ജനാധിപത്യത്തിന്റെ വാതിലുകളും അതിന്റെ തണലുമാണ്. അടിയന്തിരാവസ്ഥയിലൂടെയും സ്പെഷൽ ആംഡ് ഫോഴ്സ് ആക്ടിലൂടെയും മാത്രമല്ല ജനാധിപത്യം കൊള്ളയടിക്കപ്പെടുന്നത്. മാന്യതയുടെ മുഖംമൂടിയിട്ടവരുടെ സൗമ്യമായ പുഞ്ചിരികളിൽ മയങ്ങി നാം ഇറങ്ങിക്കൊടുക്കുമ്പോൾ അത് കുറേശ്ശെയായി ഊർന്നുപോകുന്നുണ്ട്. ■

### വിവാദ മഹോത്സവം

താളപ്പിഴകൾക്കും പിടിപ്പുകേടിനും തെളിവായി മാറിയ മൂന്ന് ദിവസത്തെ വിശ്വമലയാള മഹോത്സവത്തിനിടെ സംഘാടകർക്ക് നാലുതവണ പരസ്യമായി മാപ്പ് പറയേണ്ടി വന്നു. രണ്ടെണ്ണം സാഹിത്യ അക്കാദമി പ്രസിഡൻറിൻെറ വക. രണ്ടെണ്ണം സാംസ്കാരിക മന്ത്രിയുടെ വക. സമ്മേളനത്തിലെ അഴിമതിക്കെതിരെ നിലപാടെടുത്തതിനെ തുടർന്ന് സാഹിത്യ അക്കാദമിയുടെ വൈസ് പ്രസിഡൻറ് സ്ഥാനത്ത് നിന്ന് ബാലചന്ദ്രൻ വടക്കേടത്തിന് പുറത്തു പോകേണ്ടിയും വന്നു.

**കേരളീയം വരിസംഖ്യ**
**300 രൂപ**
**അയയ്ക്കുമല്ലോ...**

**അറിയിപ്പുകൾ**
**അഭിപ്രായങ്ങൾ**
**കത്തുകൾ**
എഴുതുക/വിളിക്കുക/അയക്കുക

കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 0487 2421385, 9446576943